**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6743** **21-03-2023 - ൽ മറുപടിയ്ക്ക്**

**അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും ലഹരി വിരുദ്ധ പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയാനായി അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും പരിശീലനം നടത്തിവരുന്നുണ്ടോ; എങ്കിൽ ഈ സർക്കാരിന്റെ കാലയളവിൽ എത്ര പരിശീലനങ്ങൾ നടത്തി എന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ? | (എ) | കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിലെ സ്കൂളുകളിലെ കുട്ടികൾക്കായി ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ജീവിത നൈപുണി വികാസത്തിന്റെ ഭാഗമായി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി Key resource person ന്റെ പരിശീലനം, തുടർന്നുള്ള അധ്യാപക പരിശീലന എന്നിവയിൽ ലഹരി വസ്തുക്കളുടെ ഉപയോഗവുമായി ബന്ധപ്പെട്ട് കുട്ടികൾക്കുണ്ടാകുന്ന ശാരീരിക മാനസിക സാമൂഹ്യ പ്രശ്നങ്ങളെ കുറിച്ച് വിദഗ്ധ ഡോക്ടർമാരുടെ ക്ലാസ്സുകൾ നൽകിയിട്ടുണ്ട്. കേരളത്തിലെ ഹയർസെക്കണ്ടറി സ്കൂളുകളിലെ തെരഞ്ഞെടുക്കപ്പെട്ട സൗഹൃദ ക്ലബ് കോർഡി നേറ്റർമാർക്ക് സംസ്ഥാന തലത്തിൽ ലഹരിക്കെതിരെയുള്ള അധ്യാപക ശാക്തീക രണ പരിപാടി സംഘടിപ്പിച്ചു. പ്രസ്തുത പ്രോഗ്രാമിന്റെ ഭാഗമായി ലഹരിക്കെതിരെ തങ്ങളുടെ സ്കൂളുകളിൽ നടപ്പിലാക്കാൻ കഴിയുന്ന പ്രവർത്തനങ്ങളുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്തു. അധ്യാപകർക്കും, കുട്ടികൾക്കുമായി തയ്യാറാക്കിയ കൈപുസ്തകത്തിന്റെ കരട് "ജീവിതം തന്നെ ലഹരി" ശാക്തീകരണ പരിപാടിയിൽ പങ്കെടുത്ത എല്ലാ അധ്യാപകർക്കും നൽകുകയും ചെയ്തു. എന്നാൽ കോവിഡ് മഹാമാരി മൂലം വിദ്യാലയങ്ങൾ അടഞ്ഞ് കിടന്നതിനാൽ ആക്ഷൻ പ്ലാനിന്റെ നിർവ്വഹണം നടത്താൻ കഴിഞ്ഞില്ല.<br><br>നാഷണൽ ഇൻസ്റ്റ്യൂട്ട് ഓഫ് സോഷ്യൽ ഡിഫൻസ് തയ്യാറാക്കിയ അധ്യാപക പരിശീല മൊഡ്യൂൾ ലഹരി പദാർത്ഥ വിനിയോഗത്തിന് എതിരായ വിദ്യാലയ കേന്ദ്രീകൃതമായ പ്രതിരോ |

പരിപാടി എന്ന പേരിൽ തർജ്ജിമ ചെയ്തു. തുടർന്ന് വയനാട് ജില്ലയിലെ തെരഞ്ഞെടുത്ത Key resource persons നായുള്ള സംസ്ഥാനതല ശാക്തീകരണ പരിപാടി നടത്തി. കോവിഡ് മൂലംഉണ്ടായ ബുദ്ധിമുട്ടുകൾ കാരണം തുടർ നടപടി സാധ്യമായില്ല.

കാസർഗോഡ്, വയനാട്, ഇടുക്കി എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത ഹയർ സെക്കണ്ടറി വിഭാഗം (പ്ലസ് വൺ, പ്ലസ് ടു) കുട്ടികളിൽ “കൗമാരക്കാരിലെ പദാർത്ഥ ദുരുപയോഗം” എന്ന വിഷയത്തിൽ ഗവേഷണ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കി. ഇതിന്റെ അടിസ്ഥാനത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ ഡിഫൻസ് തയ്യാറാക്കിയ അധ്യാപക പരിശീലന മൊഡ്യൂൾ കാസർഗോഡ്, ഇടുക്കി എന്നീ ജില്ലകളിൽ കൂടി വ്യാപിപ്പിക്കുന്നതിനായി പ്രൊപ്പോസൽ NISDക നൽകിയിട്ടുണ്ട്.

<u>വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം സംബന്ധിച്ച് രക്ഷിതാക്കളിൽ ബോധ വത്കരണം നടത്താൻ വിദ്യാഭ്യാസവകുപ്പ് സ്വീകരിച്ച നടപടികൾ.</u>

ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനും 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ സംസ്ഥാനത്തുടനീളം ഒരു തീവ്രയജ്ഞപരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കാൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചു. സ്കൂൾതല ജനജാഗ്രതാ സമിതി രൂപീകരിച്ചു. ഇതിൽ പി.ടി.എ, എം.പി.ടി.എ. പ്രതിനിധികൾ അധ്യാപകർ, രക്ഷകർത്താക്കൾ, എക്സൈസ് പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്നു.

2022 ഒക്ടോബർ 2 ന് ഈ ജനജാഗ്രതാ സമിതിയുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തി. ഒക്ടോബർ 30, 31 തീയതികളിൽ സ്കൂളുകളിലും പരിസരത്തും വിളംബരജാഥ സംഘടിപ്പിച്ചു.

2022 നവംബർ -1 ന് കുട്ടികൾ, അധ്യാപകർ, രക്ഷകർത്താക്കൾ, പൊതുജനങ്ങൾ എന്നിവരെ പങ്കെടുപ്പിച്ച് ലഹരിവിരുദ്ധ ശൃംഖല രൂപീകരിക്കുകയും ലഹരി ഉല്പന്നങ്ങളുടെ

| | | | |
|---|---|---|---|
| | | | കുഴിച്ചുമൂടൽ, കത്തിക്കൽ എന്നിവ സംഘടിപ്പിക്കുകയും ചെയ്തു. അതേ ദിവസം ഇവരെല്ലാവരും ചേർന്ന് ലഹരി വിരുദ്ധ പ്രതിജ്ഞയും നടത്തി. വിദ്യാർത്ഥികൾ, രക്ഷിതാക്കൾ എന്നിവർക്ക് ബോധവത്കരണം നൽകുന്നതിലേക്കായി മൊഡ്യൂൾ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കി നൽകി. എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ എൽ.പി, യു.പി, എച്ച്.എസ് , എച്ച്.എസ്.എസ്. വിഭാഗത്തിലെ മൊഡ്യൂളിനെ ആസ്പദമാക്കി ഏകദിന അധ്യാപക ശാക്തീകരണ പരിപാടി എസ്.സി.ഇ. ആർ.ടി. യുടെ ആഭിമുഖ്യത്തിൽ നടത്തി. വിദ്യാഭ്യാസം, ആരോഗ്യം, എക്സൈസ്, പോലീസ് എന്നീ വകുപ്പുകളിലെ വിദഗ്ധർ ശാക്തീകരണ പരിപാടികളിൽ സംബന്ധിച്ചു |

സെക്ഷൻ ഓഫീസർ